DESPATCHED
On..21/6/22



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 330(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.6051/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 17

ശ്രീ. ആർ. ഓമനക്കുട്ടൻപിള്ള,
ഇൻഷ്വറൻസ് ക്ലെയിംസ് ഇൻവെസ്റ്റിഗേറ്റർ,
ഗംഗാലയം ബിൽഡിംഗ്, ഫസ്റ്റ് ഫ്ളോർ,
ആനന്ദവല്ലീശ്വരം ക്ഷേത്രത്തിന് സമീപം,
തേവള്ളി പി.ഒ., കൊല്ലം – 691 009.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പോലീസ് ഇൻസ്പെക്ടർ,
   പേട്ട പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.
2. അപ്പീൽ അധികാരി &
   പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
   പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,
   ശംഖുമുഖം, തിരുവനന്തപുരം സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 10.1.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.1.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 3.3.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 7.4.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.4.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.4.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.5.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 15.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആർ. ഓമനക്കുട്ടൻപിള്ള,, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട FIR, FIS എന്നിവയുടെ പകർപ്പുകൾ ഒഴികെ മറ്റുള്ള രേഖകൾ എല്ലാം തിരുവനന്തപുരം

ACJM കോടതിയുടെ പരിഗണനയിൽ ആയതിനാൽ വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം നൽകാനാവില്ല എന്ന മറുപടിയാണ് നൽകിയിരുന്നതെന്നും ആകയാൽ ഹർജിക്കാരന് കാലതാമസം വരുത്തി തെളിച്ചമില്ലാത്ത പകർപ്പ് നൽകിയതിനും, വിവരാവകാശ നിയമം 8(1) (എച്ച്) പ്രകാരം വിവരം നിഷേധിച്ചതിനും എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമപ്രകാരം നടപടി സ്വീകരിച്ച് ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും ലഭ്യമാക്കി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 10.1.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

> പേട്ട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള ക്രൈം 922/2021-ാം നമ്പർ കേസിലെ FIR, FIS, Final Report (Charge sheet), കൃത്യ സ്ഥല മഹസ്സർ, വാഹന മഹസ്സറുകൾ, AMVI റിപ്പോർട്ടുകൾ, ഇതിൽ പരിക്ക് പറ്റിയ ആളുകളുടെ എല്ലാം Accident Register Cum Wound Certificate-കൾ ഇതിൽ പരിക്ക് പറ്റിയ എല്ലാവരുടെയും ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ ടി കേസിലെ സാക്ഷി മൊഴികൾ ടി കേസിൽ ഉൾപ്പെട്ട എല്ലാ വാഹനങ്ങളുടെയും മൂന്നാം സ്ഥാനകച്ചീട്ടുകൾ, ഈ കേസിൽ പരിക്ക് പറ്റിയ ശ്രീ.അജിത്ത് എന്ന ആളിന്റെ തിരിച്ചറിയൽ രേഖ, ഈ കേസിലെ പ്രതിയായ ഡ്രൈവറുടെ ലൈസൻസ് കോപ്പി, കേസിൽ ഉൾപ്പെട്ട പ്രതിയല്ലാത്ത വാഹനം ഓടിച്ച ഡ്രൈവറുടെ ലൈസൻസ് കോപ്പി, കേസിൽ ഉൾപ്പെട്ട വാഹനങ്ങളുടെ എല്ലാം ആർ.സി., പോളിസി കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഫയലിൽ ഇരിപ്പുള്ള മറ്റ് റിക്കാർഡുകൾ എന്നിവയുടെയെല്ലാം പകർപ്പുകൾ എസ്.പി.ഐ.ഒ സാക്ഷ്യപ്പെടുത്തി നൽകണമെന്നും മറ്റുമായി മൂന്ന് ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് തീയതി രേഖപ്പെടുത്താതെയും കാലതാമസം വരുത്തിയും പൂർണ്ണമായ വിവരങ്ങൾ നൽകാതെയുമാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത് എന്നതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകണമെന്നും 2500/-രൂപ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് 3.3.2022-ന് നൽകിയ അപ്പീൽ 7.4.2022-ന് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ക്രൈം 922/2021 പ്രകാരമുള്ള കേസ്സുമായി ബന്ധപ്പെട്ട് വിവരാവകാശ പ്രകാരം നൽകാവുന്ന രേഖയുടെ പകർപ്പുകൾ നൽകിയിട്ടുള്ളതാണെന്നും (FIR, FIS), ടി കേസ്സിലേക്ക് ശേഖരിച്ചിട്ടുള്ള അസ്സൽ രേഖകൾ ചാർജ് ഷീറ്റിനോടൊപ്പം ചേർത്ത് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, കൂടാതെ വാഹനത്തിന്റെ അസ്സൽ രേഖകൾ അന്വേഷണത്തിന്റെ ഭാഗമായി ശേഖരിച്ച് ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതും ടി അസ്സൽ രേഖകൾ മൂന്നാം സ്ഥാനത്ത് ഉടമസ്ഥന് തിരികെ നൽകിയിട്ടുള്ളതാണെന്നും അന്വേഷണാർത്ഥം ശേഖരിച്ച മറ്റ് അസ്സൽ രേഖകൾ റിപ്പോർട്ട് സഹിതം കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും, ആവശ്യപ്പെട്ട വിവരം പൊതു താത്പര്യ അല്ലാത്ത വിഷയം ആകയാലും ഹർജിക്കാരൻ ടി കേസിലെ വാദിയോ, പ്രതിയോ അല്ലാത്തതിനാലും വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം വിവരങ്ങൾ നൽകേണ്ടതില്ലെന്നു കണ്ട് നിരസിച്ചിട്ടുള്ളതാണെന്നും

വിവരാവകാശ നിയമ പ്രകാരം നൽകാവുന്ന രേഖകൾ എസ്.പി.ഐ.ഒ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം 922/2021 പ്രകാരമുള്ള കേസ്സിന്റെ ചില രേഖകൾ ആവശ്യപ്പെട്ടുകൊണ്ടാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിലേക്ക് പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് അപ്പീൽ അധികാരിയായ ശംഖുമുഖം പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായെന്നും അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ അല്ലാത്തതിനാൽ ടി വിവരങ്ങൾ വിവരാവകാശ നിയമ പ്രകാര അപേക്ഷകന് ലഭ്യമാക്കുന്നതിലേക്ക് ടി അപേക്ഷ പേട്ട പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒയ്ക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയത് പ്രകാരം പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത് പേട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 922/2021 പ്രകാരമുള്ള കേസിലെ FIR,FIS എന്നിവയുടെ പകർപ്പുകൾ അപേക്ഷകനായ ഹർജിക്കാരന് നൽകിട്ടുള്ളതാ- ണെന്നും അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട ചാർജ്ജ് ഷീറ്റ്, സാക്ഷി മൊഴികൾ, കൃത്യസ്ഥല മഹസ്സർ, സീൻ മഹസർ, വാഹന മഹസർ, മൂന്നാം സ്ഥാനകച്ചീട്ടുകൾ, വൂണ്ട് സർട്ടിഫിക്കറ്റ് എന്നിവ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം 922/2021 പ്രകാരമുള്ള കേസിന്റെ അന്വേഷണ ഭാഗമായി ശേഖരിച്ചിട്ടുള്ളതും കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ആർ.സി. ബുക്ക് ഇൻഷ്വൂറൻസ് കോപ്പി, ലൈസൻസ് എന്നിവ ടി കേസിന്റെ അന്വേഷണ ഭാഗമായി കക്ഷികൾ ഹാജരാക്കിയിട്ടുള്ളതാണെന്നും ആയവ പരിശോധിച്ച് മൂന്നാം സ്ഥാനത്ത് ഉടമകൾക്ക് വിട്ട് നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ വാദി ഭാഗത്തോ, പ്രതിസ്ഥാനത്തോ ഉൾപ്പെട്ട വ്യക്തി അല്ലായെന്നും മൂന്നാം കക്ഷിയായ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയിരിക്കുന്നത് വിവരാവകാശ 8(1)(എച്ച്) പ്രകാരം പ്രോസിക്യൂഷൻ നടപടികളെ ബാധിക്കുന്ന കാര്യമാണെന്നും കൂടാതെ 8(1)(ജെ) പ്രകാരം പൊതു താത്പര്യ ഇല്ലാത്ത വിഷയത്തിൽ സ്വകാര്യ വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ല എന്നിരിക്കെ ടിയാൻ ആവശ്യപ്പെട്ട മറ്റ് വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്ന് റിപ്പാർട്ട് ചെയ്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ക്രൈം 922/2021 നമ്പർ കേസുമായി ബന്ധപ്പെട്ട രേഖകൾ വിവരാവകാശ നിയമം 8(1) (എച്ച്) (ജെ) എന്നീ വകുപ്പുകൾ പ്രകാരം നിഷേധിക്കേണ്ടതായിരുന്നില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. വാഹനാപകടത്തിൽ പരിക്ക് പറ്റിയവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഫയൽ ചെയ്യുന്ന കേസുകളിൽ ഇൻഷ്വറൻസ് കമ്പനികൾക്ക് തീരുമാനങ്ങൾ എടുക്കുന്നതിന് റിക്കോർഡിന്റെ പകർപ്പുകൾ അത്യാവശ്യമാണെന്നതിനാൽ ഇൻഷ്വറൻസ് ഇൻവെസ്റ്റിഗേറ്റർമാർക്ക് ടി രേഖകൾ നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി 26.6.2019-ലെ യു3-27610/2010/പി.എച്ച്.ക്യു നമ്പർ മെസേജ് പ്രകാരം എല്ലാ ഡി.സി.പി.മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ഇത്തരം വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം നിഷേധിക്കേണ്ടതല്ലെന്ന് കമ്മീഷൻ വിവിധ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലിൽ ലഭ്യമായ രേഖകളും, കോടതിയിൽ നിന്നും

രേഖാപകർപ്പുകൾ ലഭ്യമാക്കാൻ കത്തയച്ചിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ കോടതിയിൽ സമർപ്പിച്ചതായ ടി രേഖകളുടെ പകർപ്പുകളും 30.6.2022-നകം സൗജന്യമായി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. എതിർകക്ഷി സ്ഥാപനത്തിൽ നിന്നും കോടതികളിൽ സമർപ്പിക്കുന്ന രേഖകളുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കാത്തതിനാലാണ് ഇത്തരത്തിൽ പരാതികളുമായി ഹർജിക്കാർക്ക് കമ്മീഷനെ സമീപിക്കേണ്ടതായി വരുന്നത് എന്നതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് കോടതികളിൽ സമർപ്പിക്കുന്ന രേഖകളുടെ പകർപ്പുകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഒന്നാം എതിർകക്ഷി ഉറപ്പുവരുത്തേണ്ടതാണെന്നും, തീയതി രേഖപ്പെടുത്താതെയും, കാലതാമസം വരുത്തിയും വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്ന പ്രവണത മേലിൽ ആവർത്തിക്കരുതെന്ന് ഒന്നാം എതിർകക്ഷിക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ടും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 17 -ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bnk